
കത്തെഴുത്ത്




റഹ്മാൻ മധുരക്കുഴി /

# അരുതുകൾ കടന്നുവരുന്ന കൈവഴികൾക്ക് തടസ്സംകെട്ടാതെ നമുക്കെങ്ങനെ സമൂഹത്തെ രക്ഷിക്കാനാവും?

**കർക്കശമായ** ശിക്ഷാ വ്യവസ്ഥകളോടെ സ്ത്രീപീഡന വിരുദ്ധ ബിൽ ലോകസഭ അംഗീകരിച്ചുവെന്ന വാർത്തയോടൊപ്പം ഭരണസിരാ കേന്ദ്രമായ ദൽഹിയിലും, ദൽഹിക്കടുത്ത ആഗ്രയിലും രാജ്യത്തിന്റെ മറ്റു ചില ഭാഗങ്ങളിലും സ്ത്രീപീഡനങ്ങളുടെ പുതിയ വാർത്തകളാണ് നമുക്ക് കേൾക്കേണ്ടി വന്നത്.

ലൈംഗിക കുറ്റകൃത്യങ്ങൾക്ക് ശക്തമായ പ്രചോദനം നൽകുന്ന സാമൂഹിക സാഹചര്യമാണ് നിലവിലുള്ളത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലഹരിയിലാണ് സ്ത്രീകൾക്കെതിരെയുള്ള മിക്ക കൈയേറ്റങ്ങളും നടക്കുന്നത്. എന്നാൽ നാട് വാഴുന്ന അധികാരികൾ റവന്യൂ വരുമാനത്തിന്റെ ആകർഷണ വലയത്തിലകപ്പെട്ട് ഈ കൊടും സാമൂഹിക തിന്മയെ സമൂഹത്തിൽനിന്ന് നിഷ്കാസനം ചെയ്യാൻ കൂട്ടാക്കുന്നില്ല.

ടി.വി പ്രസരിപ്പിക്കുന്ന അശ്ലീല-അക്രമ ദൃശ്യങ്ങൾ ആബാല വൃദ്ധം ജനങ്ങളെ കുറ്റകൃത്യങ്ങളിലേക്ക് തള്ളിവിടുന്നു. അശ്ലീല അക്രമ ദൃശ്യങ്ങൾ സംപ്രേഷണം ചെയ്യുന്നതിൽനിന്നും ടി.വി ചാനലുകളെ വിലക്കിയ സുപ്രീം കോടതി നിർദേശം വന്നത് ഈയിടെയാണ്. കുടുംബങ്ങളോടൊപ്പം ഇരുന്ന് ടി.വി. കാണാൻ പറ്റാത്ത അവസ്ഥയാണെന്ന് സുപ്രീം കോടതി നിരീക്ഷിക്കുകയുണ്ടായി.

മനുഷ്യൻ എന്നും ഗോപ്യമാക്കാൻ ഇഷ്ടപ്പെടുന്ന കാര്യങ്ങളെല്ലാം അപ്പടി അഭ്രപാളികളിൽ സുലഭമായെത്തുന്നു. അശ്ലീല ചിത്രങ്ങളടങ്ങിയ ഡിസ്ക്കുകൾ വ്യാപകം! നെറ്റ് സർവീസുകളിലൂടെ അധമ വികാരത്തിന്റെ അധോ ലോകങ്ങളിലേക്ക് ത്വരിത പ്രയാണം!! നിയമസഭാ ഹാളിലിരുന്ന് ജനപ്രതിനിധികളെന്ന് വിശേഷിപ്പിക്കപ്പെടുന്നവർപോലും അശ്ലീലം കണ്ടാസ്വദിക്കുന്നു! മാനിക്കപ്പെടേണ്ടവർ സ്ത്രീപീഡന കേസുകളിലെ മുഖ്യപ്രതികളായി മാറുന്നു. അനാശാസ്യം കടന്നുവരുന്ന കൈവഴികൾക്ക് കൂച്ചുവിലങ്ങിടാതെ നമ്മുടെ സമൂഹത്തെ രക്ഷിക്കാനാവുമെന്ന് കരുതുന്നതല്ലേ മൗഢ്യം! കുട്ടികളെ ലൈംഗിക പീഡനത്തിന് വിധേയമാക്കിയതിന് ശിക്ഷിക്കപ്പെട്ടവരിൽ നടത്തിയ ഒരു പഠനത്തിൽ ആൺകുട്ടികളെ പീഡിപ്പിച്ചതിന് ശിക്ഷിക്കപ്പെട്ടവരിൽ 87% പേരും, പെൺകുട്ടികളെ പീഡിപ്പിച്ചവരിൽ 77% വും സ്ഥിരമായി ബ്ലൂഫിലിമുകൾ കാണാറുണ്ടെന്നാണ് കണ്ടെത്തിയത്. 10 വയസ്സുകാരൻ ബാലൻ, പീഡിപ്പിക്കാനുള്ള ശ്രമം എതിർത്ത പെൺകുട്ടിയെ കുളത്തിലേക്ക് തള്ളിയിട്ട സംഭവത്തിൽ, വീട്ടിൽ അച്ഛൻ നീലചിത്രം കാണുക പതിവായിരുന്നുവെന്നും ഇത് പലപ്പോഴും കാണാൻ ഇട വന്നതാണ് പെൺകുട്ടിയെ ഉപദ്രവിക്കാൻ പ്രേരകമായതെന്നും പോലീസിന് നൽകിയ മൊഴി എന്ത് സന്ദേശമാണ് നമുക്ക് നൽകുന്നത്! "ബ്ലൂഫിലിമുകൾ ബലാത്സംഗം ചെയ്യാനുള്ള പഠിപ്പിക്കലാണ്. ബലാത്സംഗം ഒരു പ്രാക്ടീസും" (മനഃശാസ്ത്രമതം, ഇന്ത്യാടുഡേ, സെപ്തംബർ 11, 2012).

സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ മുഖ്യപ്രേരകം വെബ്സൈറ്റിലെ അശ്ലീലദൃശ്യങ്ങളാണ് എന്ന് സമ്മതിക്കുന്നുവെങ്കിലും, അവ തടയുന്ന കാര്യത്തിൽ ബന്ധപ്പെട്ടവർ നിസ്സഹായരാണത്രെ. വെബ്സൈറ്റിലൂടെ അശ്ലീല ചിത്രങ്ങളും ദൃശ്യങ്ങളും ലഭ്യമാക്കുന്നത് തടയാൻ കേരള പോലീസിന് കഴിയില്ലെന്ന് ആഭ്യന്തര വകുപ്പ് ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിരിക്കുകയാണ്. കേന്ദ്ര ഏജൻസിയായ ഇന്ത്യൻ കമ്പ്യൂട്ടർ എമർജൻസി റസ്പോൺസ് ടീമിനാണ് (സെർട്) ഇത്തരം ദൃശ്യങ്ങൾ തടയാനുള്ള ഉത്തരവാദിത്വം. സംസ്ഥാനത്ത് ഇത്തരം 652 വെബ്സൈറ്റുകൾ ഉണ്ടത്രെ. ഇത്തരം ദൃശ്യങ്ങൾ പൊതുജനതാൽപര്യാർഥം തടയാൻ വിവര സാങ്കേതിക നിയമത്തിൽ വകുപ്പുണ്ടെങ്കിലും, ഉത്തരവാദപ്പെട്ടവർ അത് ഉപയോഗിക്കാൻ കൂട്ടാക്കുന്നില്ല. എന്നാൽ വിദേശ രാഷ്ട്രങ്ങളിൽ പലതും ഇത്തരം അനാശാസ്യ വെബ്സൈറ്റുകളെ നിയമം മൂലം തടയുന്നതിൽ താൽപര്യം കാണിക്കുന്നുമുണ്ട്.

സാലിം ചോലയിൽ /

# ബുദ്ധിയുടെ സഞ്ചാരം

**ടി.കെ** ഇബ്റാഹീം ടൊറണ്ടോ എഴുതിയ 'ബുദ്ധിയാണോ പരമാധികാരി' (ലക്കം 43) എന്ന ലേഖനം വായിച്ചു. ബുദ്ധിയെ നിരാകരിച്ച് പടുത്തുയർത്തപ്പെട്ട ജീവിതസിദ്ധാന്തമല്ല ഇസ്‌ലാം.

18-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഫ്രഞ്ച് ദാർശനികൻ കോപ്ത് ബൊലേങ വില്ലിയേഴ്സ് മുഹമ്മദ് നബി(സ)യെ യുക്തിയുടെ മതത്തിന്റെ സ്ഥാപകനായി വിശേഷിപ്പിച്ചത് വെറുതെയല്ല. ഇസ്‌ലാമിക നാഗരികത ജന്മം നൽകിയ ചിന്തകരുടെ ശ്രേണിയിൽ പെടുന്ന ഇബ്നു ബാജ്ജ, ഇബ്നു തുഫൈൽ, ഇബ്നു ഹൈഥം, ഇബ്നു ഖൽദൂൻ തുടങ്ങിയവർ ബുദ്ധിയെ വളരെ സ്പഷ്ടമായി ഉപയോഗിച്ചവരായിരുന്നു. തന്മൂലം നിരവധി അറബ് ദാർശനിക ഗ്രന്ഥങ്ങൾ ഹീബ്രുവിലേക്കും ലാറ്റിനിലേക്കും യൂറോപ്യൻ ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അബ്ബാസിയാ കാലഘട്ടത്തിലെ മുസ്‌ലിം ചിന്തകരിൽ അഗ്രഗണ്യനായിരുന്ന അൽകിന്ദിയുടെ (801-873) 'അഖ്‌ലി'ന്റെ വ്യത്യസ്ത അർഥതലങ്ങൾ വിശകലനം ചെയ്യുകയും ഗ്രഹണ പ്രക്രിയ വ്യക്തമാക്കുകയും ചെയ്യുന്ന 'രിസാലത്തുൻ ഫിൽ അഖ്‌ൽ' എന്ന പ്രൗഢ ഗ്രന്ഥം ലോക തത്ത്വചിന്തകരിൽ അങ്ങേയറ്റം സ്വാധീനം ചെലുത്തിയിട്ടുണ്ട്.



കരീം വാഴവേലി, നെട്ടൂർ /

# യുദ്ധം ഒരു വ്യവസായമായി കാണുന്ന അമേരിക്കയുടെ മനുഷ്യാവകാശ പ്രമേയങ്ങൾ

**ശ്രീലങ്കൻ** പ്രശ്നത്തിൽ സമഗ്ര അന്വേഷണവും നടപടികളും ആവശ്യപ്പെട്ട് ജനീവ യു.എൻ മനുഷ്യാവകാശ സമിതിയിൽ അമേരിക്ക കൊണ്ടുവന്ന പ്രമേയം വിരോധാഭാസമായി തോന്നി. ലങ്കയിൽ എൽ.ടി.ടി.ഇയുമായി നടന്ന യുദ്ധത്തിൽ മനുഷ്യാവകാശലംഘനം നടന്നതായിട്ടാണല്ലോ അമേരിക്ക ആരോപിക്കുന്നത്. ഈ പ്രമേയത്തെ വില കുറച്ച് കാണുകയല്ല. മനുഷ്യാവകാശലംഘനം നടന്നിട്ടുണ്ടെങ്കിൽ അന്വേഷിക്കണം, കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കുകയും വേണം. ഈ പ്രമേയം അവതരിപ്പിച്ചത് അമേരിക്കയാണെന്നതാണ് വിരോധാഭാസം. യുദ്ധം ഒരു വ്യവസായമായി കാണുന്ന അമേരിക്ക മനുഷ്യാവകാശലംഘനം മാത്രമേ നടത്തിയിട്ടുള്ളൂ. 'ലോകത്തെ വിഡ്ഢികളാക്കിയ ചാരന്മാർ' എന്ന ഡോക്യുമെന്ററിയിൽ പറയുന്നത്, പതിനായിരക്കണക്കിന് ജീവാപായമുണ്ടായ ഇറാഖ് യുദ്ധത്തിലേക്ക് നയിച്ചത് ബ്രിട്ടന്റെയും അമേരിക്കയുടെയും നുണക്കഥകളാണെന്നാണ്. നോക്കണേ, നുണക്കഥകൾ വരുത്തിവെച്ച മനുഷ്യാവകാശ ലംഘനങ്ങൾ! ഇറാഖിന്റെ കൈവശം സംഹാരായുധങ്ങളുണ്ടോ എന്നന്വേഷിച്ച ഇരു രാജ്യങ്ങളുടെയും ഇന്റലിജൻസ് വൃത്തങ്ങൾ, വാർത്ത വ്യാജമാണെന്ന് അധിനിവേശത്തിന് മൂന്നു മാസങ്ങൾക്കുമുമ്പു തന്നെ ഉന്നതരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെന്നും ഡോക്യുമെന്ററിയിൽ പറയുന്നു.

ലങ്കയിൽ മഹീന്ദ രാജപക്സെ തമിഴ് വംശജരെയാണ് ലക്ഷ്യമിട്ടതെങ്കിൽ, ഇറാഖിൽ ജോർജ് ബുഷ് മുസ്‌ലിം സമൂഹത്തെ ചുട്ടെരിക്കുകയായിരുന്നു. പതിനായിരക്കണക്കിന് ബോസ്നിയൻ മുസ്‌ലിംകളെ കൂട്ടക്കൊല നടത്തിയ സെർബിയൻ കുറ്റവാളി റഡോവൻ കരാജിച്ചിന് അന്താരാഷ്ട്ര കോടതിയിൽ വിചാരണ നേരിടേണ്ടിവന്നു. കംബോഡിയയിലെ മുൻ ഖമറൂഷ് നേതാവും മന്ത്രിയുമായിരുന്ന ഇയാഗ്സാരിയും യുദ്ധക്കുറ്റവാളികൾക്കുള്ള യു.എൻ ട്രൈബ്യൂണിൽ ഹാജരായി. വിദേശ മന്ത്രിയായിരുന്ന കാലത്ത് നാലു വർഷം നീണ്ട മൃഗീയ ഭരണത്തിൽ 17 ലക്ഷം പേരെ കൂട്ടക്കൊല നടത്തിയതാണ് കുറ്റം. ഇവരെക്കാൾ ഭീകരവും ക്രൂരവുമായ കുറ്റമല്ലേ മുൻ അമേരിക്കൻ പ്രസിഡന്റ് ജോർജ്ജ് ബുഷ് നടത്തിയിട്ടുള്ളത്? ജനീവയിൽ ലങ്കയുടെ മനുഷ്യാവകാശലംഘനത്തിനെതിരെ ഐക്യരാഷ്ട്രസഭയിൽ വന്ന പ്രമേയം പോലെ കടുത്ത മനുഷ്യാവകാശ ലംഘകനായ ബുഷിനെതിരെയും ഇന്ത്യ മുൻകൈയെടുത്ത് പ്രമേയം കൊണ്ടുവരണം.

ഈ മാസം 20 ന് കാനഡയിലെത്തുന്ന മുൻ അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷിനെ അറസ്റ്റ് ചെയ്യണമെന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ പ്രസ്ഥാനമായ ആംനെസ്റ്റി ഇന്റർനാഷ്ണൽ ആവശ്യപ്പെട്ടിരിക്കുന്നു. ഭീകരവിരുദ്ധ യുദ്ധത്തിന്റെ മറവിൽ നിരപരാധികളെ പീഡനത്തിനിരയാക്കിയ ബുഷിനെ പിടികൂടണമെന്നാണ് ആംനെസ്റ്റി ആവശ്യപ്പെട്ടത്.

ലങ്കയിലെ മഹീന്ദ രാജപക്സെ ലൈനിൽ നിൽക്കട്ടെ. ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ സമിതി ബുഷിനെതിരെയാണ് ആദ്യം പ്രമേയം കൊണ്ടുവരേണ്ടത്, അതാണ് ലോകനീതി. ഇനിയും വൈകിയിട്ടില്ല. അന്യായം നടത്തുന്നവനെ പിടിച്ച് ന്യായാധിപനാക്കരുത്. അതാണിപ്പോൾ ഐക്യരാഷ്ട്രസഭയിൽ നടന്നുവരുന്നത്.

---

സി.കെ മുജീബുർറഹ്മാൻ വാഴക്കാട് /

**ഭീകരവേട്ടയിലെ** അവസാന പേരല്ല അബ്ദുന്നാസിർ മഅ്ദനി. നിരപരാധികളായ മുസ്‌ലിം യുവാക്കളുടെ പേര് ചേർക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. ഇന്ത്യയിലെ മുസ്‌ലിം ചെറുപ്പക്കാർ ഇപ്പോൾ ഭരണകൂട ഭീകരവേട്ടയുടെ ക്യൂവിലാണ്.